# ബി.ആർ.എം. എച്ച്.എസ്

## ഇളവട്ടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ പാലോട് വനമേഖല അതിരുകാക്കുന്ന സുന്ദരഗ്രാമമാണ് ഇളവട്ടം. നന്ദിയോട് ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന ഈ പ്രദേശത്താണ് ബി.ആർ.എം. എച്ച്.എസ്. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ബെർന്നബാസ് റെഗുലസ് മെമ്മോറിയൽ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. ചെങ്കോട്ട- തിരുവനന്തപുരം ദേശീയപാതയിൽ നിന്ന് ഏകദേശം ഇരുന്നൂറുമീറ്റർ അകലെ ബൗണ്ടർ കുന്നിൻ ചെരുവിലായാണ് സ്കൂൾ ബ്ലോക്ക് നിലകൊള്ളുന്നത്. 34 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഉൾപ്പെടെ 38 ജീവനക്കാരാണ് സ്കൂളിന്റെ ശക്തമായ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. 368 ആൺകുട്ടികളും 342 പെൺകുട്ടികളും ചേർന്ന് ആകെ 710 കുട്ടികളാണുള്ളത്.

വിദ്യാഭ്യാസപരവും സാമ്പത്തികവുമായി മധ്യവർഗ്ഗ ശ്രേണിയിലെങ്കിലും വരുന്ന കുടുംബങ്ങളുടെ എണ്ണം തുലോം കുറവാണിവിടെ. അതുകൊണ്ടു തന്നെ പരാധീനതകൾക്ക് നടുവിൽ നട്ടം തിരിയുന്ന ഒരു കൂട്ടം പ്രദേശവാസികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് ഏക ആശ്രയകേന്ദ്രമാണ് ബി.ആർ.എം. എച്ച്.എസ്. 1962 –ൽ സ്ഥാപിതമായ സ്കൂൾ 1966–67 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിലെ ആദ്യ പ്രഥമാദ്ധ്യാപകൻ ശ്രീ.ആർ.മോസസ് ഭാസ്കരം ആയിരുന്നു. പ്രഗത്ഭമതികളായ പ്രഥമാധ്യാപകരിലൂടെ വളർന്ന സ്കൂളിന്റെ ഇപ്പോഴത്തെ എച്ച്.എം. ശ്രീമതി. രജനീദേവിയാണ്.

സുവർണ്ണ ജൂബിലി കഴിഞ്ഞ് അഞ്ചുവർഷം പിന്നിടുമ്പോഴും വിദ്യാർത്ഥി സമരങ്ങൾ പൊട്ടിപ്പുറപ്പെടാത്ത വിദ്യാലയ അന്തരീക്ഷമാണ് നിലവിലുള്ളത്.

ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയരായ ചലച്ചിത്ര പ്രവർത്തകരെയും ഭിക്ഷഗ്വരൻമാരെയും സാഹിത്യകാരന്മാരെയും മറ്റു ബഹുമുഖ പ്രതിഭകളെയും മിനുക്കിയെടുത്ത അഭിമാനം നമുക്കുണ്ട്.

സജിൻ, ആദർശ് പ്രതാപ്, ആർദ്രാരാജഗോപാൽ, ഡോ. രാജശേഖരൻ തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും വരുമാനമാർഗ്ഗമാക്കിയ ബഹുഭൂരിപക്ഷം പേരും കുട്ടികളുടെ സമ്പൂർണ്ണ വിദ്യാഭ്യാസത്തിന് ഈ സ്കൂൾ തന്നെയാണ് പ്രയോജനപ്പെടുത്തുന്നത്. അൺ എയ്ഡഡ് വിദ്യാലയങ്ങൾ കൂണുപോലെ മുളച്ചുപൊങ്ങി വാടി വീഴുമ്പോഴും തലയെടുപ്പോടെ ദിശാസൂചികയായ് ഉയർന്നു നിൽക്കുന്നു ബി.ആർ.എം. ഹൈസ്കൂൾ,

യുനിസെഫ് അംബാസഡറായിരുന്ന ജാപ്പനീസ് യുവതി തന്റെ കുട്ടിക്കാലം അവതരിപ്പിക്കുന്നു ടോട്ടോ ചാൻ എന്ന കൃതിയിലൂടെ. ലോക മഹായുദ്ധത്തിൽ തകർന്നടിഞ്ഞ തന്റെ വിദ്യാലയമായ ടോമോഗെകനെ നോക്കി വിലപിച്ച കുഞ്ഞു ടോട്ടോ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പിന്നീട് ലോകത്തിനു തന്നെ ഒരു പുതിയ കാഴ്ചപ്പാട് നൽകുകയായിരുന്നു.

സ്വന്തം സാഹചര്യങ്ങളോട് പൊരുത്തപ്പെടുക, അവയിൽ നിന്ന് ഉജ്ജ്വല നേട്ടങ്ങൾ കൈയെത്തിപ്പിടിക്കുക എന്നതൊക്കെയാണ് യുനെസ്കോ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലയായി കണക്കാക്കുന്നത്. വലിയൊരളവിൽ ഈയൊരാശയം നെഞ്ചേറ്റിയവർ തന്നെയാണ് ഈ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ. ഇവർ തന്നെയാണ് ഈ സ്ഥാപനത്തിന്റെ ഗുഡ്‌വിൽ അംബാസഡർമാർ.

കലാ കായിക രംഗങ്ങളിൽ സബ്ജില്ലയിലെ അജയ്യ ശക്തിയായി നിലകൊള്ളുമ്പോഴും നമ്മുടെ കുഞ്ഞുങ്ങൾ പഠനത്തിൽ അല്പംപോലും പിന്നോക്കമല്ല. വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന 10-ാം ക്ലാസ് വിജയശതമാനം നൂറിൽ തൊട്ടുതൊട്ടില്ലയെന്ന മട്ടിൽ നില്ക്കുന്നു. മുഴുവൻ എ+ കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. 10-ാം ക്ലാസ്സിലെ ഇംഗ്ലീഷ് മീഡിയം വിജയശതമാനം തുടക്കം തൊട്ടിന്നോളം നൂറു ശതമാനമായി തുടരുന്നു. എസ്.പി.സിയും ജെ.ആർ.സി.യും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സദാ ജാഗരൂകരായ പി.റ്റി.എ. കമ്മിറ്റി ശക്തമായ മേൽനോട്ടവും പിന്തുണയും നൽകുന്നു.

പാഠ്യ -പാഠ്യേതര പ്രവർത്തനങ്ങളിലൂടെയും അധിക പഠനങ്ങളിലൂടെയും (നവപ്രഭ,ശ്രദ്ധ തുടങ്ങിയവ..) വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുന്നേറുമ്പോഴും അധികമായ കൈത്താങ്ങുകളൊന്നും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ശ്രീമതി. അരുന്ധതി എം.എൽ.എ.അനുവദിച്ച ഒരു ഡെസ്ക്ടോപ്പ് കംപ്യൂട്ടർ മാത്രമാണ് ഇതിന് അപവാദം.

മത്സരക്ഷമമായ ഈ കാലഘട്ടത്തിൽ മുഖ്യധാരാ പ്രവണതകൾക്കൊപ്പം നമുക്കും മുന്നേറേണ്ടതായിട്ടുണ്ട്. പര്യാപ്തമായൊരു കളിസ്ഥലം, അടച്ചുറപ്പുള്ള ക്ലാസ് മുറികൾ, വൈദ്യുത വിളക്കുകളും ഫാനുകളും, ഹൈടെക് ക്ലാസ് മുറികൾ എല്ലാം നാം

കാത്തിരിക്കുകയാണ്. ആൺ കുട്ടികൾക്കായുള്ള ശൗചാലയം പുനർ നിർമ്മിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ജൈവവൈവിധ്യമേഖലക്ക് (കാവു പോലെ) അനുയോജ്യമായ സ്ഥലം കണ്ടെത്താനാവുന്നില്ല. നാട്ടറിവുകളിലെ ഔഷധച്ചെടികൾ വളർത്തുന്നതും പ്രചരിപ്പിക്കുന്നതും നന്നായിരിക്കും. ഓരോ കുട്ടിക്കും പരീക്ഷിച്ചു വളരാനുതകുന്ന മൾട്ടി ലാബ് സൗകര്യം ഒരുക്കണമെങ്കിൽ തന്നെ ചെലവാക്കേണ്ടത് ലക്ഷങ്ങളാണ്.

പരാധീനതകളുടെ കണക്കെടുത്താൽ അതിനവസാനമുണ്ടാകില്ല പക്ഷേ സ്കൂളിന്റെ കർമ്മപഥത്തിൽ അവ തടസ്സമായി തീരുന്നുമില്ല. ഇവയെല്ലാം ഉണ്ടായിരുന്നെങ്കിൽ കൂടുതൽ മെച്ചപ്പെടുത്താമായിരുന്നു എന്നേയുള്ളൂ.

രണ്ടു വർഷത്തേക്കുള്ള ഈ മാസ്റ്റർ പ്ലാൻ മുന്നോട്ട് വയ്ക്കുന്നത് ബി.അർ.എം.എച്ച്. എസ്സിന്റെ നേട്ടങ്ങളും സ്വപ്നങ്ങളുമാണ്. തിരുത്തപ്പെടേണ്ടവയെ തിരഞ്ഞുപിടിച്ച് പരിഹരിച്ച് സ്വപ്ന സദൃശമായ ഒരു വളർച്ചയ്ക്കായുള്ള മുന്നൊരുക്കമാണ്.

യഥാർത്ഥത്തിൽ End is no the end. It means efforts never die- Dr. APJ അബ്ദുൾ കലാം

സ്കൂളിന്റെ ആരംഭം തൊട്ടിങ്ങോളം സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നത് മാനേജ്മെന്റാണ്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കാൻ അവർ ശ്രദ്ധിക്കുന്നുണ്ട്. സബ്ജില്ലയിൽ ആദ്യമായി നാല് കംപ്യൂട്ടറുകൾ ചേർത്ത് കംപ്യൂട്ടർ ലാബ് സജ്ജമാക്കിയത് മാനേജ്മെന്റാണ്. സർക്കാരിൽ നിന്ന് ലഭ്യമായ ലാപ്ടോപ്പുകളും കംപ്യൂട്ടറുകളും പ്രൊജക്ടറുകളും ഉൾപ്പെടെ ലാബ് ഇപ്പോൾ സുസജ്ജമാണ്. അവസാനമായി സ്മാർട്ട് ക്ലാസ് റൂമിനുവേണ്ടി മുറികൾ നവീകരിക്കാനും അവർ സന്മനസ്സ് കാട്ടി. കുട്ടികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൂന്നു ബസ്സുകൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി ഓടിക്കൊണ്ടിരിക്കുന്നു.

**ഹെഡ്മിസ്ട്രസ്സ്**

**ഇളവട്ടം** **രജനീദേവി**

# ലക്ഷ്യങ്ങൾ

1. സാമൂഹ്യ പ്രതിബദ്ധതയും മതേതര ജനാധിപത്യബോധവും വിശാല മനസ്കതയും മൂല്യബോധവുമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
2. താത്പര്യജനകവും ഉത്സാഹപൂർണ്ണവുമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തി വിദ്യാർത്ഥികളെ ആകർഷിക്കുക.
3. വ്യത്യസ്ത ഗൃഹാന്തരീക്ഷത്തിൽ നിന്നുള്ള കുട്ടികൾക്ക് അവരുടെ ബൗദ്ധിക നിലവാരത്തിന് അനുസരിച്ചുള്ള പഠന രീതി ആവിഷ്കരിക്കുക.
4. പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും ലഹരി വർജ്ജനവും ശീലമാക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുക.
5. പഠന പ്രവർത്തനങ്ങളിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ കാര്യക്ഷമമായി പ്രയോഗവത്ക്കരിച്ച് ലോക നിലവാരത്തിലുള്ള രീതി അവലംബിക്കുക.
6. ക്ലാസ്സ് മുറികളും കെട്ടിടങ്ങളും ആകർഷകമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.
7. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അവശ്യം വേണ്ട സൗകര്യ സഹായങ്ങൾ നൽകി സ്കൂളിലേക്ക് ആകർഷിക്കുക.
8. എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
9. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും മറ്റു വിദ്യാർത്ഥികളോടൊപ്പം പങ്കെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
10. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക് എന്നീ ഭാഷകളിൽ കൂടുതൽ പഠനത്തിന് ഭാഷാ ലൈബ്രറി നിർമ്മിക്കുക.
11. സയൻസ്, ഗണിതം, ചരിത്രം എന്നിവയ്ക്ക് പ്രത്യേകം ലാബുകൾ സജ്ജീകരിക്കുക.
12. മാതൃഭാഷയിൽ നന്നായി എഴുതുവാനും വായിക്കുവാനും സർഗ്ഗാത്മക രചനയിൽ ആഭിമുഖ്യം ഉണ്ടായിരിക്കുവാനും ഹൈസ്കൂൾ പ്രവേശനത്തിന് മുമ്പു തന്നെ വിദ്യാർത്ഥികളെ പരുവപ്പെടുത്തുക.
13. ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനായി യു.പി തലത്തിൽ തന്നെ ടാലന്റ് ടെസ്റ്റ് നടത്തി മികച്ച വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുക.
14. എസ്.എസ്. എൽ.സി യിൽ ഗണിതത്തിന് പിന്നാക്കം പോകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ബോധനരീതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
15. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തമായ ഒരു തലമുറയെ സൃഷ്ടിക്കുന്നതിന് വ്യായാമം, യോഗ, സൂംബ എന്നിവ സജീവമാക്കുക.
16. നിലവിലുള്ള ലൈബ്രറി പുനഃസംഘടിപ്പിച്ച് ആധുനിക നിലവാരത്തിലുള്ളതാകുകയും ഡിജിറ്റൽ ലൈബ്രറി സംവിധാനം നടപ്പാക്കുകയും ചെയ്യുക.

17. സ്കൂൾ അസംബ്ലി , ദിനാചരണങ്ങൾക്കായുള്ള അസംബ്ലി എന്നിവയ്ക്ക് സ്കൂൾ പാർലമെന്റിനെ ഉപയോഗപ്പെടുത്തുക.
18. പാചകപ്പുരയും അനുബന്ധ വസ്തുക്കളും കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുള്ള സാമ്പത്തിക സഹായം തേടുക
19. വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രദേശത്തുള്ള സാംസ്കാരിക കേന്ദ്രങ്ങളുടെയും കലാവൈഭവമുള്ള ആളുകളുടെയും സഹകരണം തേടുക.
20. പഠനത്തോടൊപ്പം തൊഴിലെന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി തയ്യൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പേപ്പർ ബാഗ്, പ്രവൃത്തി പരിചയമേളകളിലേക്ക് വിദ്യാർഥികൾ തയ്യാറാക്കുന്ന വിവിധ ഉത്പന്നങ്ങൾ എന്നിവയുടെ പരിശീലനം ഇവ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക
21. ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി ആന്റി ഡ്രസ്സ് സ്ക്വാഡ് രൂപീകരിക്കുക.
22. ഓരോ പ്രദേശങ്ങളിലും വച്ച് പ്രത്യേകം കോർണർ പി.ടി.എ വിളിച്ചുചേർത്ത് രക്ഷകർത്താക്കളെ വിദ്യാലയവുമായി ആത്മബന്ധമുള്ളവരാക്കി മാറ്റുക.
23. സ്കൂൾ മാനേജ്മെന്റുമായി സഹകരിച്ച് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുക.
24. മൊബൈൽ ഗെയിം, ലഹരി, മദ്യപിക്കുന്ന മാതാപിതാക്കൾ, മാനസിക പ്രശ്നങ്ങൾ എന്നിവയാൽ പഠനത്തിൽ പിന്നാക്കം പോകുന്ന വിദ്യാർത്ഥികൾക്ക് തുടരെ കൗൺസിലിംഗ് ഏർപ്പെടുത്തുക.
25. ഒരു വർഷം ഒരു പ്രാവശ്യമെങ്കിലും മുഴുവൻ വിദ്യാർഥികളുടെയും വീടുകൾ സന്ദർശിച്ച് പഠന സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുക.
26. പത്താംതരം പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികളും ഉയർന്ന മാർക്കോട് വിജയിക്കുന്നതിന് വേണ്ടിയുള്ള അക്കാദമി പ്രവർത്തനം ഊർജ്ജിതമാക്കുക.
27. ജൈവകൃഷിയിൽ അധിഷ്ഠിതമായ ഒരു കാർഷിക സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിനായി ജൈവ ഉദ്യാനം ആരംഭിക്കുക.
28. ഗ്രീൻ പ്രോട്ടോകോൾ നിയമങ്ങൾ പരിപാലിക്കുന്ന വിദ്യാർത്ഥി, അധ്യാപക ജീവനക്കാരുടെ വിദ്യാലയം എന്ന പ്രശസ്തി ആർജ്ജിക്കുക.

# അക്കാദമിക മാസ്റ്റർപ്ലാൻ

# യു. പി. വിഭാഗം

# ഉപമേഖല – മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **ഭാഷാ കേളി**<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>• വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ▪ ചിത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| 3 | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | ▪ സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |
| 4 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ▪ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | മലയാളം അധ്യാപകർ | |

# ഇംഗ്ലീഷ് - 2025-26

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your ear -**<br>❖ ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>**Follow me if you can–**<br>❖ ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>**Breaking news -**<br>❖ ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രമിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ<br>ജൂലൈ<br>ഒക്ടോബർ<br>നവംബർ<br>നവംബർ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| 2 | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **One man show**<br>❖ ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു<br>**Reader of the month**<br>❖ ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജനുവരി<br>ഫെബ്രുവരി | പിടിഎ ഭാരവാഹികൾ രക്ഷിതാക്കൾ | |
| 3 | തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplits**<br>❖ കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | | |

# ഗണിതം 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പുവരുത്തുക | ▪ പ്രീ ടെസ്റ്റ്,<br>▪ ഹാർഡ് സ്പോട്ട് കണ്ടെത്തി നൽകുന്നു.<br>▪ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>▪ (സ്ഥാന വില പോക്കറ്റ്, മുത്തുകൾ, മഞ്ചാടികൾ…..) | ജൂൺ മാസം. | കുട്ടികൾ<br>അധ്യാപകർ | |
| 2 | ഗണിത അഭിരുചി വളർത്തുക | ▪ ഗണിത പസിലുകൾ, പാറ്റേണുകൾ, കളികൾ എന്നിവ ശേഖരിച്ച് അവതരിപ്പിക്കൽ<br>▪ ഗണിത ക്വിസ്, ഗണിത നിഘണ്ടു, ഗണിത നടത്തം, ഗണിത അസംബ്ലി | ഒരു വർഷം | കുട്ടികൾ<br>അധ്യാപകർ. | |
| 3 | പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക (ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മകത ഉറപ്പിക്കുക) | ▪ ഗണിത മാഗസിൻ നിർമ്മാണം<br>▪ അത്തപ്പൂക്കള നിർമ്മാണം<br>▪ ചാർട്ട് നിർമ്മാണം<br>▪ പഠനോപകരണ നിർമ്മാണം | ഒരു വർഷം | കുട്ടികൾ<br>അധ്യാപകർ | |
| 4 | ശരിയായ രീതിയിൽ വിവരം ശേഖരിക്കാനും ശേഖരിച്ച വിവരം വിശകലനം ചെയ്ത് പൊതുതത്വം രൂപീകരിക്കാനുമുള്ള കഴിവ് കുട്ടികളിൽ രൂപപ്പെടുത്തുക | ▪ ഗണിത പ്രോജക്ടുകൾ<br>▪ സെമിനാറുകൾ | അതാത് മാസങ്ങളിൽ | കുട്ടികൾ. | |
| 5 | ഗണിത പഠനം ആസ്വാദ്യകരമാക്കാൻ ഐസിടി യുടെ ഉപയോഗം മനസ്സിലാക്കി കൊടുക്കുക | ▪ വൃത്തം, ഭിന്നസംഖ്യകൾ, കോണുകൾ, സമാന്തര വരകൾ ത്രികോണ പരപ്പളവ് എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | അതായത് മാസങ്ങളിൽ | കുട്ടികൾ | |
| 6 | പൊതുപരീക്ഷകളിൽ കുട്ടികളെ വിജയം നേടുന്നതിന് പ്രാപ്തരാക്കുക | ▪ ന്യൂ മാറ്റ്സ്, യു.എസ്.എസ് പരീക്ഷയ്ക്കുള്ള കുട്ടികളെ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം | എല്ലാ മാസവും | കുട്ടികൾ<br>അധ്യാപകർ | |

# സാമൂഹ്യ ശാസ്ത്രം - 2025 - 2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ, ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | ▪ അങ്കത്തട്ട് - കളിയിൽനിന്ന് കാര്യത്തിലേക്ക്<br>▪ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചില സ്ളൈഡുകൾ ഓരോ പഠിതാവിനു നൽകുന്നു. | അക്കാദമിക വർഷാരംഭം മുതൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ▪ ഐ സി ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | ഗാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ▪ ഗ്രാമസഭ, വാർഡ്സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | | | |
| 4 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ▪ പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച  സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | ഗാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 5 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ▪ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ, ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഗാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഉപമേഖല – അടിസ്ഥാനശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പ്രാധാന്യമുള്ള സസ്യങ്ങളെ തിരിച്ചറിയൽ | **നിർമ്മാണം**<br>▪ ഔഷധത്തോട്ട നിർമ്മാണം | ഒരു വർഷം | സയൻസ് ക്ലബ്ബ് | |
| 2 | ചുറ്റുപാടുമായി സമൂഹവുമായ പഠന പ്രവർത്തനത്തെ ബന്ധിപ്പിക്കൽ | **ശാസ്ത്രാഭിരുചി**<br>▪ പഠനയാത്ര . | ഒരു വർഷം | സയൻസ് ക്ലബ്ബ് | |
| 3 | ശാസ്ത്ര സംബന്ധമായ ആശയങ്ങൾ സമൂഹവുമായി പങ്കുവെക്കൽ. | **നൂതന ആശയങ്ങൾ**<br>▪ ശാസ്ത്രോത്സവം<br>▪ എക്സിബിഷൻ. | ഒക്ടോബർ – നവംബർ | സയൻസ് ക്ലബ്ബ് | |
| 4 | കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | **പരീക്ഷണ നിരീക്ഷണങ്ങൾ**<br>▪ അസംബ്ലിയിൽ ശാസ്ത്ര പരീക്ഷണം അവതരിപ്പിക്കൽ | ഒരു വർഷം | സയൻസ് ക്ലബ്ബ് | |
| 5 | കുട്ടികൾക്ക് ശാസ്ത്ര വിഷയത്തിലുള്ള നിലവാരം ഉയർത്തുവാൻ | **ബോധവൽക്കരണം**<br>▪ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ജൂൺമാസം | | |
| 6 | ചിത്രങ്ങൾ, മാതൃകകൾ മാഗസിനുകൾ എന്നിവ പ്രശനം | ▪ ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രപാഠ ത്തിന്റെ പ്രായോഗിക പ്രവർത്തനത്തിനും<br>▪ ശാസ്ത്ര സംബന്ധമായ പതിപ്പുകൾ | ആഗസ്റ്റ് – മാർച്ച് | | |
| 7 | കുട്ടികളുടെ നിരീക്ഷണപാടവം വർദ്ധിപ്പിക്കൽ | ▪ ജൈവ വൈവിധ്യപാർക്ക് ശാസ്ത്രവും സമൂഹവും<br>▪ ജൈവ വൈവിധ്യപാർക്ക് മെച്ചപ്പെടുത്തൽ | ജൂൺ – മാർച്ച് | | |
| 8 | പരിസ്ഥിതി സൗഹാർദ്ധത വർദ്ധിപ്പിക്കൽ | ▪ ശാസ്ത്രവും സമൂഹവും പരിസ്ഥിതി സംരക്ഷണം<br>▪ മഴക്കുഴി നിർമ്മാണം | സെപ്റ്റംബർ ഒക്ടോബർ | | |
| 9 | കൃഷിയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നതിന് | ▪ നിർമ്മാണം<br>▪ പച്ചക്കറിത്തോട്ടം | ജൂലൈ– ഫെബ്രുവരി | | |
| 10 | ശാസ്ത്ര പഠനം എളുപ്പമാക്കാൻ | ▪ ശാസ്ത്രാഭിരുചി<br>▪ ശാസ്ത്രമൂല<br>▪ ക്ലാസ്സ് മുറികളിൽ ശാസ്ത്രമ്യൂസിയം | ജൂൺ – മാർച്ച് | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

# എച്ച്. എസ് വിഭാഗം

# ഉപമേഖല – മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ▪ രചനാ ശേഷി വർദ്ധിപ്പിക്കൽ,<br>▪ താളം കണ്ടെത്തുന്നു.<br>▪ സാഹിത്യാഭിരുചി, പ്രയോഗ ശേഷി വർദ്ധിപ്പിക്കൽ<br>▪ വായനാഭിരുചി വർദ്ധിപ്പിക്കുന്നു<br>▪ സർഗാത്മകത | **കവിതാ കേളി**<br>(കാലിക പ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കി)<br>• സ്വരാക്ഷരങ്ങൾ– അക്ഷരമാലാ ക്രമത്തിൽ വരികൾ നിർമ്മിക്കൽ<br>• പതിപ്പ്<br>• നാടക രചന<br>• പാഠഭാഗങ്ങളെ ആസ്പദമാക്കി – അവതരണം – കൂട്ട വായനയിൽ നിന്ന് കുടുംബ വായനയിലേക്ക് | ഹ്രസ്വകാലം | കുട്ടികൾ<br>അധ്യാപകർ<br>രക്ഷകർത്താക്കൾ<br>ക്ലബ് അംഗങ്ങൾ | |
| 2 | ▪ പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>▪ പ്രയോഗശേഷി വർദ്ധിപ്പിക്കൽ<br>▪ വ്യക്തമായ ധാരണയോടെയുള്ള എഴുത്ത് | ▪ പദകേളി, വായന, കഥാ പുസ്തക വായന, ചിത്ര വായന,<br>▪ അക്ഷരമാലാ ക്രമത്തിൽ പരമാവധി വാക്കുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ<br>▪ ചിത്രം കാണിച്ച് കഥ പറയുന്നു, കഥ എഴുതുന്നു, പിന്നാക്കക്കാർക്ക് രചനാ വൈഭവം വരുത്തുന്നതിനായിട്ടുള്ള ക്ലാസുകൾ,<br>▪ വായനക്കൂട്ടം രൂപീകരിക്കൽ<br>▪ വായനാമൂല സജ്ജീകരിക്കൽ<br>▪ എഴുത്തുകൂട്ടം രൂപീകരണം, പത്രവായന, വായനാക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ<br>▪ എഴുതുകൂട്ടത്തിൽ നിന്നും വ്യത്യസ്ത വ്യവഹാര രൂപങ്ങൾ കണ്ടെത്തി പതിപ്പ് തയ്യാറാക്കൽ | ദീർഘകാലം | കുട്ടികൾ<br>അധ്യാപകർ<br>രക്ഷകർത്താക്കൾ<br>ക്ലബ് അംഗങ്ങൾ | |
| 3 | ആശയശേഖരണം, ആശയ പ്ര | **പ്രസംഗകല** | 10 മാസങ്ങൾ | കുട്ടികൾ | |

| | | | | | |
|---|---|---|---|---|---|
| | കടനം, സാന്ദർഭികമായി പ്രയോഗിക്കുന്നു, എഴുതുന്നു. | ▪ പ്രസംഗത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>▪ പ്രസംഗ മാതൃകകൾ പരിചയപ്പെടുത്തുന്നു. (ഐ സി ടി)<br>▪ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രസംഗം<br>▪ എഴുത്തുകൂട്ടത്തിൽ നിന്നും കഥാപ്രസംഗങ്ങൾ ഉണ്ടാക്കുന്നു.<br>▪ വിവിധ കലാരൂപങ്ങൾ.. | | അധ്യാപകർ<br>രക്ഷകർത്താക്കൾ<br>ക്ലബ് അംഗങ്ങൾ | |
| 4 | സർഗ്ഗശേഷി, അഭിനയ പാടവം അഭിനയപാടവം വികസിപ്പിക്കൽ, പൊതുവിജ്ഞാനം നേടുക, നേടിയ അറിവുകൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുക | ▪ നാടക കളരി<br>▪ തിരക്കഥ രചന<br>▪ മികച്ച നാടകം -അസംബ്ലിയിൽ അവതരണം<br>▪ ക്ലാസിൽ ക്വിസ് മത്സരം<br>▪ പത്രവായനയെ അടിസ്ഥാനപ്പെടുത്തി ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തുക | 10 മാസം | കുട്ടികൾ<br>അധ്യാപകർ<br>രക്ഷകർത്താക്കൾ<br>ക്ലബ് അംഗങ്ങൾ | |
| 5 | വിവിധ കലാരൂപങ്ങളെ പരിചയപ്പെടൽ (സർഗാത്മകത) | ▪ എഴുത്തുകൂട്ടത്തിൽ നിന്ന് രൂപപ്പെട്ട വ്യവഹാര രൂപങ്ങളെ പ്രാചീന കലാരൂപങ്ങളാക്കി മാറ്റി അവതരിപ്പിക്കുന്നു. (ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത് തുടങ്ങിയവ) ചിത്രം, അടിക്കുറിപ്പ്, കാർട്ടൂൺ ഇവ എഴുതാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു. | 12 മാസം | ക്ലബ്ബ് | |

# ഇംഗ്ലീഷ് - 2025-26

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഇമഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | ❖ Spoken English Class<br>❖ English Library നവീകരണം<br>❖ English Corner Story Time<br>❖ English Cartoon പ്രദർശനം<br>❖ English Assembly | അവധിക്കാലം/ ശനിയാഴ്ചകൾ | പി ടി എ, ടീച്ചേർസ് | പിടിഎ, മാനേജ്മെന്റ് |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | ❖ Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേ ി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>❖ Role Play , English Day ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>അക്കാദമിക വർഷം | ടീച്ചേർസ്, SRG<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ്<br>പിടിഎ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3 | സ്വതന്ത്ര വായനയ്ക്ക് സൗജമാക്കുക, സ്വതന്ത്ര മായ എഴുത്തിന് സജ്ജരാക്കുക | ❖ School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ –<br>❖ ചിത്രവായന, ലഘുകഥ നിർമ്മാണം Public Speaking, Simply Games, English, പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പിടിഎ ടീച്ചേർസ്, SRG<br>പിടിഎ, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 4 | നാടകീകരണം | ❖ English Assembly, Skit, Puppet Show, English Lab<br>❖ പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാ പ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങൾ,<br>ശനിയാഴ്ചകൾ, ക്യാമ്പ് | പിടിഎ<br>ടീച്ചേർസ്, SRG<br>ഇംഗ്ലീഷ് ക്ലബ്ബ് | പിടിഎ<br>രക്ഷിതാക്കൾ |
| 5 | കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ❖ ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br>❖ കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു<br>❖ പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു<br>❖ Book Reviews<br>❖ രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ<br>വെക്കേഷൻ, ശനിയാഴ്ചകൾ<br>വർഷത്തിൽ ര ് പ്രാവശ്യം | പിടിഎ<br>ടീച്ചേർസ്, SRG<br>പിടിഎ<br>ടീച്ചേർസ്, SRG<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി ടി എ , മാനേജ്മെന്റ് |
| 6 | സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | ❖ പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു<br>❖ English fest. English film കാണാനുള്ള അവസരം | വെക്കേഷൻ (ഓണം, ക്രിസ്മസ്)<br>അക്കാദമിക വർഷത്തിൽ ഒന്ന് | പിടിഎ<br>ടീച്ചേർസ്, SRG<br>ഇംഗ്ലീഷ് ക്ലബ്ബ് | പിടിഎ, SRG, മാനേജ്മെന്റ് |
| 7 | സംവാദ സദസുകൾ സംഘടിപ്പിക്കുക | ❖ Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു<br>❖ ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു | ശനിയാഴ്ചകൾ, വെക്കേഷൻ<br>അക്കാദമിക വർഷം ര ് തവണ | പിടിഎ<br>ടീച്ചേർസ്, SRG | പി ടചിഎ, ഇംഗ്ലീഷ് ക്ലബ്ബ് |

# ഗണിതം 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ▪ പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>▪ മാത്സ് ക്ലിനിക് | ജൂൺ മാസം. | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളുടെ ശേഷി കൈവരിക്കൽ | ▪ ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ . | അധ്യാപകർ |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ▪ ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ▪ ശില്പശാല<br>▪ ക്ലബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ 1 | ഗണിത ക്ലബ്ബ് അധ്യാപകർ. | പിടിഎ |
| 5 | സംഘബോധം ഉണ്ടാക്കൽ | ▪ സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6 | തുടർ പഠനത്തിൽ അധ്യാപകന്റെ ഇടപെടൽ | ▪ വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ | വർഷം മുഴുവൻ<br>തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ▪ വിവിധ ക്ലാസുകളിലെ കുട്ടികളുടെ കൂട്ടായ്മ | ശനിയാഴ്ച | ഗണിത അധ്യാപകൻ | |
| 8 | ഗണിത മത്സര വേദികയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ▪ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ,<br>▪ മത്സരങ്ങൾക്ക് പ്രാപ്തമാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകൻ പിടിഎ | പിടിഎ |
| 9 | ഗണിത ലാബ് | ▪ ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് /ജൂൺ | ക്ലബ്ബ് സെക്രട്ടറി അധ്യാപകൻ പിടിഎ | പിടിഎ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ▪ ഗണിതബോധം നൽകുന്നു | അധ്യാപകർ | അധ്യാപകർ എച്ച്എം,പിടിഎ | പി ടി എ |

# സാമൂഹ്യശാസ്ത്രം- 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ▪ പാരിസ്ഥിതികാവബോധം രൂപപ്പെടുത്തുക<br>▪ പരിസ്ഥിതി സംരക്ഷണ മനോഭാവം സൃഷ്ടിക്കുക | ▪ പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങളിൽ പോസ്റ്റർ രചന, ക്വിസ്, വൃക്ഷത്തൈ നടീൽ, ക്ലാസ് പൂന്തോട്ടം സംരക്ഷിക്കുക, പച്ചക്കറി കൃഷി ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>എല്ലാ ക്ലാസും | അധ്യാപകർ |
| 2 | ▪ പൊതുവിജ്ഞാനബോധം വളർത്തുക | ▪ മന്ത്‌ലി ക്വിസ്, ദിനാചരണങ്ങൾ, സെമിനാറുകൾ, പാനൽ ഡിസ്കഷനുകൾ, മോഡൽ ഉച്ചകോടികൾ (പാഠഭാഗവുമായി ബന്ധമുള്ളവയും ആനുകാലിക പ്രസക്തവുമായ വിഷയങ്ങളിൽ) സംഘടിപ്പിക്കുക<br>▪ ചരിത്ര, സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളുടെ ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>എല്ലാ ക്ലാസും . | അധ്യാപകർ |
| 3 | ▪ ഭൂപട വായന<br>▪ ഭൂപട നിർമ്മാണം<br>▪ സ്ഥാന നിർണയനൈപുണ്യ മുതലായ ശേഷികളുടെ വികാസം | ▪ ലോകരാജ്യങ്ങളുടെയും ഭൂമിശാസ്ത്ര സവിശേഷതകളുടെയും സ്ഥാനവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും മനസ്സിലാക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ<br>▪ ഉദാ: മാപ്പ് പ്രദർശനം, ഗ്ലോബ് നിരീക്ഷണം, സമുദ്ര മാർഗ്ഗങ്ങളുടെ കണ്ടെത്തൽ…..<br>▪ My own Atlas making | ഒരു വർഷം | എല്ലാ ക്ലാസും | അധ്യാപകർ വിദ്യാർത്ഥികൾ |
| 4 | ▪ ഭൂമിശാസ്ത്ര സവിശേഷതകളായ മണ്ണിനങ്ങൾ മനസ്സിലാക്കുക<br>▪ അവയുടെ സവിശേഷതകൾ കുറിപ്പെഴുതുക | ▪ വിവിധയിനം മണ്ണുകൾ കണ്ടെത്തുന്നു.<br>▪ പട്ടികപ്പെടുത്തുന്നു.<br>▪ മണ്ണിനങ്ങൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു | ഒക്ടോബർ മുതൽ ഡിസംബർ | 8 9 ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |
| 5 | ▪ മതേതരത്വം, സഹിഷ്ണുത, സാഹോദര്യം എന്നിവ വളർ | ▪ മതേതരത്വം, സഹിഷ്ണുത, സാഹോദര്യം തുടങ്ങിയ മനോഭാവങ്ങൾ വളർത്തിയെടുക്കാ | വർഷം മുഴുവൻ | എട്ട്, ഒൻപത് ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | ത്തിയെടുക്കുക | നുതകുന്ന സെമിനാറുകൾ, പ്രോജക്ട്, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക | | | |
| 6 | ▪ പ്രപഞ്ചത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക. | ▪ പ്രപഞ്ച സ്ഥിതിയെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായകരമായ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക<br>▪ Marble, Sunclock, Stellark | വർഷം മുഴുവൻ | എട്ട്, ഒൻപത്, 10 ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |
| 7 | ▪ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക<br>▪ പ്രാദേശിക ചരിത്രം അറിയുക | ▪ പ്രാദേശികതലത്തിൽ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിവരശേഖരണം നടത്തുന്നു.<br>▪ സ്ഥലങ്ങൾ സന്ദർശിക്കുന്നു<br>▪ പ്രാദേശിക ചരിത്ര രചന നടത്തുന്നു | ആറുമാസം | എട്ട്, ഒൻപത്, ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |
| 8 | ▪ ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റുക | ▪ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ സംഘടിപ്പിക്കുക<br>▪ മോക്ക് പാർലമെന്റ് സംഘടിപ്പിക്കുക | ആറുമാസം | എട്ട്, ഒൻപത്, ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |
| 9 | ▪ പൗരബോധവും മൂല്യബോധവും വളർത്തുക | ▪ പൗരധർമ്മം ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങളും സാമൂഹ്യ സേവന പ്രവർത്തനങ്ങളും സംഘടിപ്പിക്കുക | ആറുമാസം | എട്ട്, ഒൻപത്, ക്ലാസുകൾ | അധ്യാപകർ വിദ്യാർത്ഥികൾ |

# അടിസ്ഥാനശാസ്ത്രം- 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ▪ **അത്ഭുത കണ്ണിലൂടെ** : കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരി പോഷിപ്പിക്കുക | ▪ ലഘുപരീക്ഷണങ്ങൾ<br>▪ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു<br>▪ മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>▪ പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br>▪ ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്തു മെച്ച പ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ.<br>സയൻസ് അധ്യാപകർ.<br>സയൻസ് അധ്യാപകർ. | പിടിഎ |
| 2 | ▪ **ശാസ്ത്രലോകത്തേക്ക്** : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ▪ ക്ലാസ്സുകളിൽ സെമിനാർ, പ്രൊജക്ടുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>▪ ശാസ്ത്രശില്പിശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ. | പിടി എ<br>സയൻസ് ക്ലബ്ബ് |
| 3 | ▪ **ഹൈടെക് വേൾഡ്** : മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ▪ ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>▪ സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പിടി എ<br>പിടി എ |
| 4 | ▪ **ആയുർരേഖ** : പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ▪ കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br>▪ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5 | ▪ **വൈജ്ഞാനിക ബഹിർ സ്ഫുരണം** : അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ<br>▪ നേരറിവ് നേടൽ | ▪ പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>▪ സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>▪ ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ<br>പിടിഎ |

# ഹിന്ദി- 2025-2026 യു.പി, എച്ച്. എസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ▪ അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>▪ ഉച്ചാരണം പരിചയപ്പെടുത്തുന്നു<br>▪ അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു | ▪ അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>▪ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>▪ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം ജൂൺ, ജൂലൈ, ആഗസ്റ്റ് | .<br>. | |
| 2 | ▪ ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.<br>▪ കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവസ്തുക്കളുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>▪ ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ▪ അക്ഷരം എഴുത്ത്, വാക്കുകൾ എഴുതിയ കാർഡ്<br>▪ ചിത്രം നോക്കി വാക്കുകൾ എഴുതാൻ പഠിപ്പിക്കൽ<br>▪ പഴവർഗങ്ങളുടെ ചിത്രങ്ങൾ നൽകി നിറം പഠിപ്പിക്കൽ<br>▪ ചിത്രങ്ങൾ ഒട്ടിച്ച് മൃഗങ്ങളുടെയും, പക്ഷികളുടെയും, പേര് പഠിപ്പിക്കൽ<br>▪ ഹിന്ദി എണ്ണൽ സംഖ്യകളും, മാസവും, ആഴ്ചയും, വർഷവും പഠിപ്പിക്കൽ (വിഷ്വൽ)<br>▪ ക്ലാസിലെ ഓരോ കുട്ടിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതാൻ പഠിപ്പിക്കുന്നു. | ദീർഘം | | |
| 3 | ▪ വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>▪ കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | ▪ കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>▪ ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു.<br>▪ വർക്ക്ഷീറ്റുകൾ നൽകുന്നു. | ദീർഘം | | |
| 4 | ▪ വീട് ഒരു പരീക്ഷണശാല | ▪ കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ തയ്യാറാക്കുക<br>▪ ഐസിടിയുടെ സഹായത്തോടെ വാക്കുകളും വസ്തു | ദീർഘം | | |

| | | | | | |
|---|---|---|---|---|---|
| | | ക്കളും കാണിച്ച് പരിശീലനങ്ങൾ<br>▪ CWSNകുട്ടികളുടെ പങ്കാളിത്തം<br>▪ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടുത്തിയ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ | | | |
| 5 | ▪ ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും, സർഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള  അവസരങ്ങൾ നൽകുന്നു. | ▪ ചെറുകവിതകളുടെ വരികൾ വായിച്ച് ബാക്കി വരികൾ പൂർത്തീകരിക്കുക<br>▪ ഹിന്ദി അസംബ്ലി<br>▪ അധിക വായനാ പുസ്തകങ്ങൾ നൽകുക<br>▪ ചിത്രങ്ങളുടെ സ്ഥാനത്ത് വാക്കുകൾ എഴുതി പൂർത്തീകരിക്കൽ<br>▪ നാടകം വേദിയിൽ അവതരിപ്പിക്കൽ<br>▪ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ദീർഘം | | |
| 6 | ▪ സാഹിത്യാഭിരുചി  വളർത്തുന്ന പ്രവർത്തനങ്ങൾ<br>▪ കലോത്സവവേദികളിൽ ഹിന്ദി മത്സരങ്ങളിൽ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുക | ▪ നാടകം, പദ്യം ചൊല്ലൽ, കഥ, പോസ്റ്റർ നിർമ്മാണം<br>▪ സൂചനാ ബോർഡ് നിർമ്മാണം | ദീർഘം | | |
| 7 | ▪ ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തൽ | ▪ ഹിന്ദി ടെലിഫിലിം, സിനിമ, ഡോക്യുമെന്ററി എന്നിവ കാണാനുള്ള അവസരം<br>▪ ഹിന്ദി കവിതകൾ, നാടകങ്ങൾ എന്നിവ കാണുവാനുള്ള അവസരം | ദീർഘം | | |
| 8 | ▪ നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുക<br>▪ വാക്യഘടന പരിചയപ്പെടുത്തുക | ▪ ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. | ദീർഘം | | |
| 9 | ▪ കുട്ടിയെ ഹിന്ദിഭാഷയിൽ എഴുത്തും, വായനയും പ്രോത്സാഹിപ്പിക്കുക | ▪ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>▪ വ്യക്തിഗത രചന, സംഘരചന എന്നിവ പ്രോത്സാഹിപ്പിക്കൽ<br>▪ ഭാഷാ പ്രോജക്ടുകൾ നൽകുക<br>▪ ഓരോ ക്ലാസുകളിലും ബാലസഭകൾ രൂപീകരിച്ച് സൃഷ്ടി | ദീർഘം | | |

| | | | | | |
|---|---|---|---|---|---|
| | | കൾ തയ്യാറാക്കുക, പ്രകാശനം ചെയ്യുക | | | |
| 10 | ▪ ഹിന്ദി ഭാഷാ അന്തരീക്ഷവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനുള്ള അവസരം | ▪ സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, കൃതികൾ എന്നിവ അടങ്ങിയ ആൽബം തയ്യാറാക്കുക<br>▪ ഹിന്ദി ടെലിഫിലിം, ഡോക്യുമെന്ററി എന്നിവ കാണിക്കുക<br>▪ ഹിന്ദി വാർത്തകൾ കേൾപ്പിക്കുക<br>▪ ഹിന്ദി മാതൃഭാഷ ആയവരുമായി സംഭാഷണത്തിൽ ഏർപ്പെടുക | ദീർഘം | | |

# അറബിക്- 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | **വായന**<br>▪ കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക,<br>▪ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക,<br>▪ നല്ല വായനക്കാരനാവുക | ▪ അറബിക് ലൈബ്രറി ശാക്തീകരണം.<br>▪ അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>▪ പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>▪ കഥകൾ, കവിതകൾ, ചിത്രകഥകൾ........<br>▪ വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം ജൂൺ – നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ. | പൂർവ്വവിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| 2 | **എഴുത്ത്**<br>▪ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ▪ ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>▪ ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു.<br>▪ ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>▪ കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്തംബർ – നവംബർ<br><br>സെപ്തംബർ – നവംബർ | | അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ<br><br>സ്പോൺസർ ഷിപ്പ |
| 3 | **അറിവിൻ തിളക്കം**<br>▪ അറബിയിൽ അറിവ് നേടുക | ▪ മാസാന്ത ക്വിസ് കാർണിവൽ.<br>▪ ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>▪ കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്. ലാപ്ടോപ്പ് | അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് |
| 4 | ▪ **പ്രതിഭകളെ ക ത്തൽ** | ▪ പ്രതിഭകളെ ക ത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>▪ അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ് – ആഗസ്റ്റ് | സ്റ്റേജ്, സൗ ബോക്സ് | അധ്യാപകർ |
| 5 | ▪ **ദിനാചരണങ്ങൾ** : | ▪ നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | ദിനാചരണത്തെക്കുറിച്ചുള്ള അവബോധം ഉ  ാക്കുന്നു. | ▪ അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | | സി ഡി<br>കമ്പ്യൂട്ടർ<br>പ്രൊജക്ടർ | അധ്യാപകർ |
| 6 | ▪ **<u>ആസ്വാദനം</u>** | ▪ ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി ഡി<br>കമ്പ്യൂട്ടർ, ടി വി<br>പ്രൊജക്ടർ | അധ്യാപകർ |
| 7 | ▪ **<u>അറബിക് ലാംഗ്വേജ് ലാബ്</u>** | ▪ തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി ഡി<br>കമ്പ്യൂട്ടർ, ടി വി<br>പ്രൊജക്ടർ | പൂർവ്വവിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| 8 | ▪ **<u>അറബിക് ഫെസ്റ്റ്</u>**<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | ▪ അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. –<br>▪ പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# സംസ്കൃതം- 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ▪ എല്ലാ കുട്ടികൾക്കും ഭാഷ ഫല പ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ▪ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>▪ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | | |
| 2 | ▪ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | ▪ പതിപ്പുകൾ, മാഗസിനുകൾ<br>▪ രചനാശില്പശാലകൾ | | | |
| 3 | ▪ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക | ▪ സംസ്കൃതദിനാചര ണം / അസംബ്ലി<br>▪ ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ് | | | |
| 4 | ▪ ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>▪ എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. | ▪ വായനമൂല, പദപ്പയറ്റ്.<br>▪ ചോദ്യോത്തരപയറ്റ്,<br>▪ നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം.<br>▪ ദിനാചരണങ്ങൾ,<br>▪ പോസ്റ്റർ നിർമാണം, കഥ -ഉപന്യാസം രചിക്കൽ& അവതരണം etc...- | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ | |
| 5 | ▪ സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>▪ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | ▪ വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ,<br>▪ കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് /ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc... | | | |
| 6 | ▪ ഭാഷാലാബ് | ▪ വിവിധ കലാരൂപങ്ങളുടെ demonstration | | | |

# സംസ്കൃതം പ്രോജക്ട്

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന. പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.